**CSB Bank**
*Trusted Heritage Smart Future*

# സി.എസ്.ബി. ബാങ്ക് ലിമിറ്റഡിന്റെ 104 – ാമത് വാർഷിക പൊതുയോഗം

1. സി.എസ്.ബി ബാങ്ക് ലിമിറ്റഡിന്റെ 104 - ാമത് വാർഷിക പൊതുയോഗം. 2025 ഓഗസ്റ്റ് 26 - ാം തീയ്യതി ഇന്ത്യൻ സമയം രാവിലെ 11 ന് കമ്പനീസ് ആക്ട് 2013 , കമ്പനികാര്യ മന്ത്രാലയം പുറപ്പെടുവിച്ച 2020 ഏപ്രിൽ 8 - ാം തീയ്യതിയിലെ ജനറൽ സർക്കുലർ 14/2020, 2020 ഏപ്രിൽ 13 - ാം തീയ്യതിയിലെ സർക്കുലർ 17/2020, 2020 മെയ് 5 - ാം തീയ്യതിയിലെ സർക്കുലർ 20/2020, തുടർന്ന് ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റ് സർക്കുലറുകൾ, അവയിൽ ഏറ്റവും പുതിയത് 2024 സെപ്റ്റംബർ 19 - ാം തീയ്യതിയിലെ സർക്കുലർ 09/2024 (എല്ലാം ചേർന്ന് MCA സർക്കുലറുകൾ), സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ **(SEBI)** പുറപ്പെടുവിച്ച (SEBI) 2024 ഒക്ടോബർ 3 - ാം തീയ്യതിയിലെ സർക്കുലർ നമ്പർ **SEBI/HO/CFD/CFD-PoD-2/P/CIR/2024/133 SEBI** സർക്കുലർ, കേന്ദ്ര സർക്കാർ കമ്പനി കാര്യ മന്ത്രാലയം (MCA), സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ **(SEBI)** മുതലായവ പുറപ്പെടുവിച്ചിട്ടുള്ളതും മറ്റു ബാധകമായിട്ടുള്ള നിയമങ്ങൾ, സർക്കുലറുകൾ എന്നിവയ്ക്ക് അനുസൃതമായ വാർഷിക പൊതുയോഗ നോട്ടീസിൽ പ്രസ്താവിക്കുന്ന ഇടപാടുകൾ/ നയകാര്യങ്ങൾ നടത്തുവാനായി സാധാരണ ഒരു പൊതുവേദിയിൽ ഓഹരിയുടമകളുടെ ശാരീരിക സാന്നിധ്യത്തിൽ നടന്നു വന്നിരുന്നതിനു പകരം വീഡിയോ കോൺഫറൻസിങ് (VC)/ മറ്റു ശബ്ദദൃശ്യ സംവിധാനങ്ങൾ **(OAVM)** വഴി നടത്തുന്നതാണ് എന്ന് ഓഹരിയുടമകളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
2. മേൽപറഞ്ഞ സർക്കുലറുകൾ പാലിച്ചുകൊണ്ട് **2024-2025** സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ടിന്റെയും വാർഷിക പൊതുയോഗം **(AGM)** നോട്ടീസിന്റെയും ഇലക്ട്രോണിക് പകർപ്പുകൾ ഇ-മെയിൽ വിലാസം ബാങ്കിലോ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് പക്കലോ രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് ഇ-മെയിൽ വഴി അയക്കുന്നതാണ്. മുകളിൽ സൂചിപ്പിച്ച **MCA, SEBI** സർക്കുലറുകൾ പ്രകാരം വാർഷിക റിപ്പോർട്ടിന്റെയും **AGM** അറിയിപ്പിന്റേയും ഭൗതിക പകർപ്പുകൾ അയക്കേണ്ട ആവശ്യകത ഒഴിവാക്കിയിട്ടുണ്ടെന്നു ഓഹരിയുടമകൾ ദയവായി ശ്രദ്ധിക്കണം. എന്നിരുന്നാലും **2024-25** സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ ഭൗതിക പകർപ്പുകൾ വേണ്ട ഓഹരിയുടമകൾക്ക് **secretarial@csb.co.in** എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്.
3. 2024 - 25 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് ലഭിക്കുന്നതിനുള്ള നാവിഗേഷൻ പാത്തും ക്യു ആർ കോഡും വെബ് ലിങ്കും ഉൾപ്പെടെ നൽകുന്ന കത്ത് ബാങ്ക്/ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റ്സിന്റെ പക്കൽ ഇ - മെയിൽ വിലാസം രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് അയക്കുന്നതാണ്.
4. ഓഹരിയുടമകൾക്ക് **VC/OAVM** സൗകര്യത്തിലൂടെ മാത്രം വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം യോഗത്തിൽ പങ്കെടുക്കുന്ന ഓഹരിയുടമകളെ കമ്പനീസ് ആക്ട് 2013 , 103-ാം വകുപ്പ് പ്രകാരം ക്വോറം കണക്കാക്കുന്നതിൽപ്പെടുത്തുന്നതാണ്.
5. ഓഹരികൾ കടലാസ് രൂപത്തിൽ കൈവശം വയ്ക്കുന്ന ഓഹരിയുടമകൾ ഇ- മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം ഫോളിയോ നമ്പർ, ഓഹരിയുടമയുടെ പേര്, ഷെയർ സെർട്ടിഫിക്കേറ്റിന്റെ രണ്ടു ഭാഗങ്ങളും, സ്കാൻ ചെയ്ത കോപ്പി, സ്വയം സാക്ഷ്യപ്പെടുത്തിയ പാൻകാർഡിന്റെയും ആധാർ കാർഡിന്റെയും സ്കാൻ ചെയ്ത കോപ്പികൾ എന്നിവ ഇ-മെയിലിൽ **coimbatore@in.mpms.mufg.com** എന്ന വിലാസത്തിൽ അയക്കേണ്ടതും ഓഹരികൾ ഡീമാറ്റായി കൈവശം വയ്ക്കുന്ന ഓഹരിയുടമകൾ ഇ - മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം 16 അക്ക **DP ID + CL ID** അഥവാ 16 അക്ക ബെനിഫിഷ്യറി **ID**, പേര്, ക്ലയന്റ് മാസ്റ്റർ ലിസ്റ്റ് അഥവാ ഏകീകരിക്കപ്പെട്ട അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ പാൻ കാർഡ്, ആധാർ കാർഡ് എന്നിവ **secretarial@csb.co.in** എന്ന ഇ-മെയിൽ വിലാസത്തിൽ, വാർഷിക പൊതുയോഗത്തിൽ വിദൂര ഇ - വോട്ടിംഗ്/ഇ - വോട്ടിംഗ് സംവിധാനം വഴി വോട്ട് രേഖപ്പെടുത്തുവാൻ **User ID**, പാസ്വേർഡ് എന്നിവ ലഭിക്കുന്നതിനായി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം ബദലായി മേൽകാര്യത്തിനു മേൽപറഞ്ഞ രേഖകൾ സഹിതം **helpdesk.evoting@cdslindia.com** എന്ന ഇ- മെയിൽ വിലാസത്തിലും അപേക്ഷിക്കാവുന്നതാണ്.
6. 104-ാമത് വാർഷിക പൊതുയോഗം നോട്ടീസ് **2024-2025** സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ബാങ്കിന്റെ വെബ്സൈറ്റായ **https://www.csb.co.in** ലെ **'Investor Relations'** വിഭാഗത്തിലും സ്റ്റോക്ക് എക്സ്ചേഞ്ചുകളായ **BSE** ലിമിറ്റഡിന്റെ വെബ്സൈറ്റായ **https://www.bseindia.com** ലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ വെബ്സൈറ്റായ **https://www.nseindia.com** ലും **CDSL** ന്റെ വെബ്സൈറ്റായ **www.cdslindia.com.** ലും ലഭ്യമാക്കുന്നതാണ്.
7. വാർഷിക പൊതുയോഗം നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള നയകാര്യങ്ങളെ സംബന്ധിച്ച് ഓഹരി ഉടമകൾക്ക് അവരുടെ വോട്ട് വിദൂര ഇ - വോട്ടിംഗ് / ഇ - വോട്ടിംഗ് സംവിധാനത്തിലൂടെ രേഖപ്പെടുത്താനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഡീമാറ്റ് ഓഹരികൾ, ഇ - മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കടലാസ് ഓഹരികൾ എന്നിവ കൈവശമുള്ള ഓഹരിയുടമകൾ വിദൂര ഇ - വോട്ടിംഗ് / ഇ - വോട്ടിംഗ് സംവിധാനത്തിലൂടെ അവരുടെ വോട്ട് രേഖപ്പെടുത്തേണ്ട വിധം ഓഹരിയുടമകൾക്കുള്ള മേപ്പടി നോട്ടീസിൽ പ്രതിപാദിക്കുന്നതാണ്. ആയതിന്റെ വിശദവിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിലും ലഭ്യമാക്കുന്നതാണ്. ആയതിനായി ഓഹരിയുടമകൾ ബാങ്കിന്റെ വെബ്സൈറ്റായ **https://www.csb.co.in** സന്ദർശിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## ഇ - മെയിൽ വിലാസം, മറ്റു KYC വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

2023 മാർച്ച് 16 ലെ **SEBI** സർക്കുലർ നമ്പർ **SEBI/HO/MIRSD-PoD-1/P/CIR/2023/37**, 2023 നവംബർ 17 - ാം തീയ്യതിയിലെ **SEBI** സർക്കുലർ നമ്പർ **SEBI/HO/MIRSD/PoD-1/P/CIR/2023/181** എന്നിവ പ്രകാരം **PAN**, നോമിനേഷൻ, മേൽവിലാസം, മൊബൈൽ നമ്പർ, ഇ - മെയിൽ വിലാസം, ബാങ്ക് അക്കൗണ്ട്, മാതൃക (Specimen) ഒപ്പ് എന്നിവ **ISR-1, ISR-2, SH-13** തുടങ്ങിയ ഫോമുകളിൽ സമർപ്പിക്കുന്നതും പുതുക്കി സമർപ്പിക്കുന്നതും നിർബന്ധമാക്കിയിരിക്കുന്നു. മേൽപറഞ്ഞ ഫോമുകളുടെ മാതൃക ബാങ്കിന്റെ വെബ്സൈറ്റായ **www.csb.co.in**, **RTA** വെബ്സൈറ്റായ **https://in.mpms.mufg.com/.** എന്നിവയിൽ ലഭ്യമാണ്.ആയതുകൊണ്ട് **PAN**, നോമിനേഷൻ, മേൽവിലാസം, മൊബൈൽ നമ്പർ, ഇ - മെയിൽ വിലാസം, ബാങ്ക് അക്കൗണ്ട് മാൻഡേറ്റ്, മാതൃക ഒപ്പ് എന്നിവ ബാങ്കിൽ രജിസ്റ്റർ ചെയ്യാത്ത ഓഹരിയുടമകൾ മേൽപറഞ്ഞ രേഖകൾ പുതുക്കി സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇലക്ട്രോണിക് (ഡിമാറ്റ്) രൂപത്തിൽ ഓഹരികൾ കൈവശമുള്ളവർ, ഡിമാറ്റ് അക്കൗണ്ട് നിലനിൽക്കുന്ന ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റുമായി (DP) ബന്ധപ്പെട്ട വിശദാംശങ്ങൾ രജിസ്റ്റർ / അപ്ഡേറ്റ് ചെയ്യാൻ അഭ്യർത്ഥിക്കുന്നു. ഓഹരിയുടമകൾ ബന്ധപ്പെട്ട ഫോമുകൾ ലഭിക്കുന്നതിനായി താഴെ നൽകിയിരിക്കുന്ന **QR** കോഡ് സ്കാൻ ചെയ്യാൻ അഭ്യർത്ഥിക്കുന്നു.

KYC ഫോമുകൾ
ലഭിക്കുന്നതിനായി
QR കോഡ്
സ്കാൻ ചെയ്യുക

**സി. എസ്. ബി ബാങ്കിന് വേണ്ടി**
**ഒപ്പ്/-**
**സിജോ വർഗ്ഗീസ്**
**കമ്പനി സെക്രട്ടറി**

**തൃശ്ശൂർ | ജൂലൈ 24, 2025**


**CSB BANK LIMITED**

Regd. Office: 'CSB Bhavan', Post Box No. 502, St. Mary's College Road, Thrissur – 680020, Kerala, India.
Tel: +91 487–2333020 | Fax: +91 487–2338764 |Website: www.csb.co.in
E-mail: secretarial@csb.co.in | Corporate Identity Number: L65191KL1920PLC000175